# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:24.02.2025

## പ്രധാനവാർത്തകൾ

1). കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതി, വിപണനം തുടങ്ങിയവ പ്രോസാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. PM KISAN പദ്ധതിയുടെ 19-ാം ഗഡു പ്രധാനമന്ത്രി വിതരണം ചെയ്തു.

2. കേരളത്തെ അഴിമതിരഹിത സംസ്ഥാനമാക്കി മാറ്റാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. കണ്ണൂർ ആറളം ഫാമിൽ തമ്പടിച്ചിരിക്കുന്ന ആനകളെ ഉൾകാടുകളിലേക്ക് തുരത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചതായി മന്ത്രി എ.കെ. ശശീന്ദ്രൻ.

4. മനുഷ്യ- വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ വ്യാഴാഴ്ച ഉന്നതല യോഗം വിളിച്ചു.

5. മതവിദ്വേഷ പരാമർശം നടത്തിയെന്ന കേസിൽ ബിജെപി നേതാവ് പി സി ജോർജിനെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

6. സംസ്ഥാനത്ത് മൂന്ന് ദിവസം സാധാരണയെക്കാൾ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

*************************************

RIJU TVPM

**<u>പ്രധാനമന്ത്രി</u>**

കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതി, സംസ്കരണം, വിപണനം എന്നിവ പ്രോസാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. PM KISAN പദ്ധതിയുടെ 19-ാം ഗഡു വിതരണം ചെയ്ത ശേഷം ബിഹാറിലെ ഭാഗൽപൂരിൽ പൊതു യോഗത്തിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യൻ ഭക്ഷ്യ വിഭവങ്ങൾ ലോകത്തെല്ലായിടത്തും എത്തിക്കുക എന്നതാണ് തൻറെ സ്വപ്നം. ഇതിനോടകം 22,000 കോടിയിലധികം രൂപ രാജ്യത്തെ കർഷകർക്ക് ലഭ്യമാക്കിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

***************************************

**<u>മുഖ്യമന്ത്രി റവന്യൂ- (ഇൻട്രോ)</u>**

കേരളത്തെ അഴിമതിരഹിത സംസ്ഥാനമാക്കി മാറ്റാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ റവന്യൂ ദിനാഘോഷത്തിന്റെ ഭാഗമായി, റവന്യൂ, സർവെ വകുപ്പ് ജീവനക്കാർക്കുള്ള പുരസ്കാര വിതരണം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിൻറെ നയം പ്രാവർത്തികമാക്കുന്നത് ഉദ്യോഗസ്ഥരാണ്. സർക്കാരും ജനങ്ങളും തമ്മിലുള്ള ഇഴയടുപ്പം വർധിപ്പിക്കാൻ ഉദ്യോഗസ്ഥർ പരിശ്രമിക്കണം എന്നും അദ്ദേഹം പറഞ്ഞു.

**<u>(ഹോൾഡ് ഫോർ ബൈറ്റ് .......................)</u>**

റവന്യു മന്ത്രി കെ രാജൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു.

***************************************

RNUTVPM

## <u>സർവകക്ഷിയോഗം</u>

കണ്ണൂർ ആറളത്ത് കാട്ടാന ആക്രമണത്തിൽ ദമ്പതികൾ മരിച്ച പശ്ചാത്തലത്തിൽ മന്ത്രി എ.കെ ശശീന്ദ്രൻറെ നേതൃത്വത്തിൽ സർവകക്ഷിയോഗം ചേർന്നു. ആറളം ഫാമിൽ തമ്പടിച്ചിരിക്കുന്ന ആനകളെ ഉൾക്കാട്ടിലേക്ക് തുരത്താൻ അടിയന്തര നടപടി സ്വീകരിച്ചതായി മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. പുൽപ്പള്ളിയിലേതുപോലെ ആറളത്ത് എ.ഐ സംവിധാനം ഉപയോഗപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ മതിൽ നിർമ്മിക്കും. ജനങ്ങൾ സഞ്ചരിക്കുന്ന സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

****************************************

## <u>കണ്ണൂർ പ്രതിഷേധം - കാട്ടാന</u>

കാട്ടാനയുടെ ആക്രമണത്തിൽ ദമ്പതികൾ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് ആറളത്ത് പ്രതിഷേധം രൂക്ഷം. പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ നിന്ന് പോസ്റ്റ് മോർട്ടത്തിനുശേഷം മൃതദേഹം എത്തിയപ്പോൾ പ്രതിഷേധക്കാർ ആംബുലൻസ് തടഞ്ഞു. സർവ്വകക്ഷി യോഗത്തിൽ പങ്കെടുക്കാനെത്തിയ മന്ത്രി എ.കെ.ശശീന്ദ്രന് നേരെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ കരിങ്കൊടി വീശി. പിന്നീട് പോലീസ് ബലം പ്രയോഗിച്ച് പ്രതിഷേധക്കാരെ നീക്കി.

RNU TVPM

****************************************

## <u>മുഖ്യമന്ത്രി - യോഗം</u>

മനുഷ്യ- വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നതല യോഗം വിളിച്ചു. ഈമാസം 27 ന് സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആണ് യോഗം. വിവിധ വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ്

മേധാവി, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ യോഗം അവലോകനം ചെയ്യും.

**************************************

**<u>ഉപതിരഞ്ഞെടുപ്പ് -തദ്ദേശ അവാർഡ്</u>**

തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡുൾപ്പെടെ സംസ്ഥാനത്തെ 28 തദ്ദേശ വാർഡുകളിൽ ഇന്ന് നടന്ന ഉപതിരഞ്ഞെടുപ്പ് സമാപിച്ചു. വോട്ടെണ്ണൽ നാളെ നടക്കും.

**************************************

**<u>വീണാ ജോർജ്</u>**

സംസ്ഥാനത്ത് ആദ്യമായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കരൾ രോഗങ്ങൾ പ്രത്യേകിച്ച് ഫാറ്റി ലിവർ രോഗം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ആദ്യഘട്ടമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, മലപ്പുറം തിരൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ക്ലിനിക്കുകൾ ആരംഭിക്കുന്നത്. പിന്നീട് സംസ്ഥാനത്ത് ഉടനീളം വ്യാപിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

**************************************

**<u>ഒ.ആർ കേളു</u>**

കേരളീയർ കാർഷിക സംസ്കാരത്തിലേക്ക് തിരിച്ചു വരണമെന്ന് മന്ത്രി ഒ.ആർ കേളു. ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്ന പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ പത്തൊമ്പതാം ഗഡു വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ

കഞ്ചിക്കുഴിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയിൽ മാറ്റം വരണമെന്നും തരിശായി കിടക്കുന്ന സ്ഥലമെല്ലാം കൃഷിയ്ക്കായി ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**************************************

**<u>ബ്രേക്ക്...........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**************************************

**<u>പി സി ജോർജ്</u>**

ടെലിവിഷൻ ചർച്ചയ്ക്കിടെ മതവിദ്വേഷ പരാമർശം നടത്തിയെന്ന കേസിൽ കോടതിയിൽ കീഴടങ്ങിയ ബിജെപി നേതാവ് പി സി ജോർജിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ജാമ്യപേക്ഷ കോടതി തള്ളിയതിനെ തുടന്നാണ് റിമാൻഡ് ചെയ്തത്. ഈരാറ്റുപേട്ട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലാണ് പി.സി ജോർജ് കീഴടങ്ങിയത്.

RNU TVPM

**************************************

**<u>ഡൽഹി നിയമസഭാ സമ്മേളനം</u>**

ഡൽഹി നിയമസഭാ സമ്മേളനത്തിന് തുടക്കമായി. രോഹിണി മണ്ഡലത്തിൽ നിന്നുള്ള ML A വിജേന്ദർ ഗുപ്തയെ സ്പീക്കറായി തിരഞ്ഞെടുത്തു. പുതിയ മുഖ്യമന്ത്രി രേഖ ഗുപ്തയും ആറ് മന്ത്രിമാരും ഇന്ന് എംഎൽഎ യായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഡൽഹി ലെഫ്റ്റനൻറ് ഗവർണർ വികെ സക്സേന നാളെ ഡൽഹി നിയമസഭയെ അഭിസംബോധന ചെയ്യും.

**************************************

**ഇടുക്കി മണ്ണ് - (ഇൻട്രോ)**

ഇടുക്കി ജില്ലയിലെ മണ്ണ് സാമ്പിളുകളിൽ പി.എച്ച് മൂല്യം വർധിച്ച് വരുന്നതായി പരിശോധനാ ഫലം. സാമ്പിളുകളിൽ 87 ശതമാനവും അസിഡിക് സോയിലാണെന്നും പരിശോധനയ്ക്ക് നേതൃത്വം നൽകിയ ജില്ലാ മണ്ണ് പരിശോധന ലബോറട്ടറി അധികൃതർ കണ്ടെത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
**(വോയിസ്............)**

*************************************

**ഉയർന്ന താപനില-സംസ്ഥാനം**

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മൂന്നു ദിവസം സാധാരണയെക്കാൾ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന ചൂട് നിർജലീകരണത്തിന് കാരണമാകുന്നതിനാൽ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

*************************************

**മഴ - സംസ്ഥാനം**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വെള്ളിയാഴ്ച മഞ്ഞ ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയുണ്ടെന്നും അറിയിപ്പ്.

*************************************

**ആശാ വർക്കർ - വനിതാ കമ്മീഷൻ**

ആശാവർക്കർമാരുടെ സമരം ന്യായമാണെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ പി. സതീദേവി. ആശാ വർക്കർമാർ ഉന്നയിക്കുന്നത് വളരെ ഗൗരവമേറിയ വിഷയമാണ്. കേന്ദ്ര-

സംസ്ഥാന സർക്കാരുകൾ കൂടിയാലോചിച്ച് പ്രശ്നത്തിന് പരിഹാരം കാണണമെന്നും അവർ നിർദ്ദേശിച്ചു.

*************************************

**<u>വേവ്സ്</u>**

ലോക ദൃശ്യ ശ്രവ്യ വിനോദ ഉച്ചകോടി – WAVES- അടുത്ത മാസം 1 മുതൽ 4 വരെ മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിലും ജിയോ വേൾഡ് ഗാർഡൻസിലുമായി നടക്കും. കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഉച്ചകോടിയുട ഭാഗമായി A.I അവതാർ ക്രിയേറ്റർ ചലഞ്ച്, കോമിക്സ് ക്രിയേറ്റർ ചാമ്പ്യൻഷിപ്പ്, ആനിമെ-മൻഗ മത്സരങ്ങൾ, പ്രൊമോ വീഡിയോ ചലഞ്ച് തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

RNU TVPM

*************************************

**<u>അവിശ്വാസ പ്രമേയം</u>**

മലപ്പുറം എടക്കര ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറിനെതിരെയുള്ള അവശ്വാസ പ്രമേയം നാളെ നടക്കും. രാവിലെ 11 മണിക്ക് അവിശ്വാസ പ്രമേയ ചർച്ച ചെയ്യും. തുടർന്ന് വോട്ടിങ്ങും നടക്കും. നിലവിലെ പ്രസിഡൻറ് സി.പി.എമ്മിലെ ടി.പി. റീനക്കെതിരെയാണ് യു.ഡി.എഫിലെ പത്ത് അംഗങ്ങൾ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്.

*************************************

## ആകാശവാണി കഥാഗതി

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന കഥാഗതി-2025 നാളെ നടക്കും. അഖില കേരള യുവസാഹിത്യ മത്സരത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കഥാകൃത്തുക്കൾക്കായുള്ള ചെറുകഥ ശില്പശാലയാണ് നാളെ സംഘടിപ്പിച്ചിരിക്കുന്നത്. മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജ് ഓഡിറ്റോറിയത്തിൽ രാവിലെ 9.30 ന് ശില്പശാല ആരംഭിക്കും.

*************************************

## ശിവരാത്രി-കൊച്ചി മെട്രോ

ശിവരാത്രിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. ബുധനാഴ്ച തൃപ്പൂണിത്തുറയിൽ നിന്നുളള സർവീസ് രാത്രി 11.30 വരെയുണ്ടാകും. വ്യാഴാഴ്ച ആലുവയിൽ നിന്നുള്ള സർവീസ് വെളുപ്പിന് 4.30- ന് ആരംഭിക്കും. തുടർന്ന് രാവിലെ ആറ് മണിവരെ അരമണിക്കൂർ ഇടവിട്ടും പിന്നീട് സാധാരണ നിലയ്ക്കും ആലുവയിൽ നിന്ന് സർവ്വീസ് ഉണ്ടായിരിക്കും.

*************************************

***********************************

*********************

RNU TVPM